ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) കോ-ഓപ്പറേറ്റീവ് അക്കാഡമിക്ക് യാതൊരുവിധ സഹായവും നൽകരുതെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടില്ല.

(ഡി) 1. അംഗീകൃത രീതിയിൽ കൃത്യമായി ലിക്വിഡ് അസെറ്റ്സും ക്യാഷ് റിസർവും പരിപാലിക്കുക.

2. ഹ്രസ്വകാല വായ്പയ്ക്ക് മിനിമം ഇൻവോൾമെന്റ് സ്കെയിൽ ഓഫ് ഫൈനാൻസ്, വായ്പയുടെ നിശ്ചിത ശതമാനം ചെറുകിട കർഷകർക്ക് നൽകണം എന്നുള്ള നിബന്ധനകൾ പരിപാലിക്കുക; പദ്ധതി വായ്പകൾക്കുള്ള തിരിച്ചടവിന്റെ ശതമാനം, പ്രസ്തുത തിരിച്ചടവ് ശതമാനം 80ൽ കുറവായാൽ ഗവൺമെന്റ് ഗ്യാരണ്ടി എന്നിവ.

3. കാർഷികേതര വായ്പകൾക്ക് സ്ഥാപനം പ്രവർത്തനക്ഷമമായിരിക്കണം. കഴിഞ്ഞകാല പ്രവർത്തനങ്ങളെ ആധാരമാക്കിയാണ് വായ്പ പരിധി നിശ്ചയിക്കുന്നത്. കേന്ദ്രസഹകരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്യാരണ്ടി ആവശ്യമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല.

സഹകരണ അക്കാദമിക്ക് പിരിഞ്ഞുകിട്ടിയ തുക

111 (263) ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ അക്കാഡമിക്ക് ഇതുവരെ എന്തു തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്;

(ബി) ഈ തുക എന്തു ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുവരെ 4 കോടി 76 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ്, മെഡിസിൻ മാനേജ്മെന്റ് തുടങ്ങിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ കോളേജുകൾ സ്ഥാപിച്ചു നടത്തുന്നതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായിട്ടാണ് ഈ തുക വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly